**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2502** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഇ-ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിൽ നിലവിൽ എത്ര ഇ-ചാർജിംഗ് സ്റ്റേഷനുകളാണ് ഉള്ളത്; | (എ) | (എ) കെ.എസ്.ഇ.ബി യുടെ ഉടമസ്ഥതയിൽ നിലവിൽ താഴെപ്പറയുന്ന 6 ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാണ്. 1. നേമം, ഇലക്ട്രിക്കൽ സെക്ഷൻ, തിരുവനന്തപുരം 2. ഒലൈ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലം 3. പാലാരിവട്ടം, വൈദ്യുതി ഭവനം, എറണാകുളം 4. വിയ്യൂർ, സബ് സ്റ്റേഷൻ, തൃശ്ശൂർ 5. നല്ലളം, സബ് സ്റ്റേഷൻ, കോഴിക്കോട് 6. ചൊവ്വ, സബ് സ്റ്റേഷൻ, കണ്ണൂർ |
| (ബി) | ഇത്തരം ചാർജിംഗ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്? | (ബി) | സംസ്ഥാന സർക്കാരിന്റെ ഇ-വെഹിക്കിൾ നയപ്രകാരം കെ.എസ്.ഇ.ബി.എൽ - നെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. അതുപ്രകാരം സംസ്ഥാനത്തുടനീളം മതിയായ ചാർജ്ജിംഗ് ശൃംഖല സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ താഴെപ്പറയുന്ന നടപടി സ്വീകരിച്ചു വരുന്നു. (a). സംസ്ഥാനത്തെ ആദ്യത്തെ ഡി.സി ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ സംസ്ഥാനത്തെ ആദ്യത്തെ ഡി.സി ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ ഗവൺമെന്റ് സെക്രട്ടറിയേറ്റ് പരിസരത്ത് 2019 ജൂണിൽ സ്ഥാപിതമായി. പ്രസ്തുത സ്റ്റേഷൻ ഗവൺമെന്റ് വാഹനങ്ങൾക്കായി ഉപയോഗിച്ചു വരുന്നു. (b). സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രകാരമുള്ള പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ 32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ - ന് സംസ്ഥാന സർക്കാർ 8.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം ആദ്യ പടിയായി സ്ഥാപിച്ച മേൽപ്പറയുന്ന 6 സ്റ്റേഷനുകൾ ഇപ്പോൾ ഉപയോഗത്തിലുണ്ട്. ബാക്കിയുള്ള 26 സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി. ഈ പദ്ധതി അടുത്ത നാലുമാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. (c). കേന്ദ്ര സർക്കാരിന്റെ പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ<br>ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി<br>ഡിപ്പാർട്ട്മെന്റ് ഓഫ് ഹെവി ഇൻഡസ്ട്രി 28. 08.<br>2019 ൽ ക്ഷണിച്ച താത്പര്യപത്രം അനുസരിച്ച്<br>കെ.എസ്.ഇ.ബി.എൽ 211 സ്റ്റേഷനുകളുടെ ഒരു<br>പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. അതിൽ 79<br>എണ്ണത്തിന് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.<br>അതിൽപ്പെടുന്ന 30 സ്റ്റേഷനുകളുടെ നിർമ്മാണ<br>പ്രവർത്തനങ്ങൾ ആരംഭിക്കുകയും അടുത്ത നാലു<br>മാസത്തിനകം പൂർത്തിയാകുമെന്നും പ്രതീക്ഷി ക്കുന്നു. |

സെക്ഷൻ ഓഫീസർ